**No. CEE/4600/2019/KEAM-2020/TA3**

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001.

# വിജ്ഞാപനം

## കീം–2020

## കേരള മെഡിക്കൽ &മെഡിക്കൽ അനുബന്ധ കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം നീറ്റ് ഫലം ഓൺലൈനായി സമർപ്പിക്കുന്നതിനുള്ള അവസരം

2020–21 അധ്യയന വർഷം കേരളത്തിലെ സർക്കാർ മെഡിക്കൽ/ ഡെന്റൽ കോളേജുകളിലെ സ്റ്റേറ്റ് ക്വാട്ടാ സീറ്റുകളിലെയും, സ്വാശ്രയ മെഡിക്കൽ/ഡെന്റൽ കോളേജുകളിലെ എൻ.ആർ.ഐ ക്വാട്ട/ മൈനോറിറ്റി ക്വാട്ട ഉൾപ്പെടെയുള്ള മുഴുവൻ എം.ബി.ബി.എസ്, ബി.ഡി.എസ് സീറ്റുകളിലെയും, ജനനസ്ഥലം പരിഗണിക്കാതെയുള്ള മെഡിക്കൽ അലോട്ട്മെന്റിനായി നീക്കി വച്ചിരിക്കുന്ന സീറ്റുകളിലേയും പ്രവേശനം NTA ലഭ്യമാക്കിയിട്ടുള്ള **'നാഷണൽ എലിജിബിലിറ്റി–കം–എൻട്രൻസ് ടെസ്റ്റ് [നീറ്റ് (യു.ജി.)–2020]'** സ്കോറിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന പ്രവേശന പരീക്ഷാ കമ്മീഷണർ തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നും ഏകീകൃത കൗൺസലിംഗ് വഴിയായിരിക്കും നടത്തുന്നത്. കൂടാതെ ആയുർവേദം [BAMS], ഹോമിയോപ്പതി [BHMS], സിദ്ധ [BSMS], യുനാനി [BUMS] എന്നീ മെഡിക്കൽ കോഴ്സുകളിലേയും, അഗ്രികൾച്ചർ [BSc (Hons) Agri], ഫോറസ്ട്രി [BSc (Hons) Forestry], വെറ്ററിനറി [BVSc & AH], ഫിഷറീസ് [BFSc] എന്നീ അനുബന്ധ കോഴ്സുകളിലേയും പ്രവേശനം **നീറ്റ് (യു.ജി)–2020** സ്കോറിന്റെ അടിസ്ഥാനത്തിൽ പ്രവേശന പരീക്ഷാ കമ്മീഷണർ തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നും ആയിരിക്കും. **കേരളത്തിലെ എം.ബി.ബി.എസ്, ബി.ഡി.എസ്, ആയുർവ്വേദം, ഹോമിയോപ്പതി, സിദ്ധ, യുനാനി എന്നീ മെഡിക്കൽ കോഴ്സുകളിലേയ്ക്കും, അഗ്രികൾച്ചർ, ഫോറസ്ട്രി, വെറ്ററിനറി, ഫിഷറീസ് എന്നീ അനുബന്ധ കോഴ്സുകളിലേയ്ക്കും പ്രവേശനത്തിനായുള്ള സംസ്ഥാന റാങ്ക് ലിസ്റ്റുകൾ തയ്യാറാക്കുന്നതിലേയ്ക്ക് വിദ്യാർത്ഥികൾ അവരവരുടെ നീറ്റ് (യു.ജി)–2020 ഫലം പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഓൺലൈനായി സമർപ്പിക്കേണ്ടതാണ്.**

മെഡിക്കൽ & മെഡിക്കൽ അനുബന്ധ കോഴ്സുകളിലെ പ്രവേശനത്തിന് സംസ്ഥാന റാങ്ക് ലിസ്റ്റുകൾ തയ്യാറാക്കുന്നതിലേയ്ക്കായി **നീറ്റ് (യു.ജി)–2020** ഫലം പ്രവേശന പരീക്ഷാകമ്മീഷണർക്ക് ഓൺലൈനായി സമർപ്പിക്കുന്നതിന് **2020 ഒക്ടോബർ 30 മുതൽ നവംബർ 4 വൈകുന്നേരം 5 മണി വരെ** പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ സൗകര്യം ലഭ്യമാകുന്നതാണ്.

നിശ്ചിത സമയത്തിനകം നീറ്റ് 2020 പരീക്ഷാ ഫലം പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഓൺലൈനായി സമർപ്പിക്കാത്ത അപേക്ഷകരെ 2020–ലെ മെഡിക്കൽ കോഴ്സുകളിലേയ്ക്കും മെഡിക്കൽ അനുബന്ധ കോഴ്സുകളിലേയ്ക്കുമുള്ള സംസ്ഥാന റാങ്ക് ലിസ്റ്റുകളിൽ ഉൾപ്പെടുത്തുന്നതല്ല.

### നീറ്റ് (യു.ജി)–2020 ഫലം സമർപ്പിക്കേണ്ട വിധം

സംസ്ഥാനത്തെ മെഡിക്കൽ & മെഡിക്കൽ അനുബന്ധ കോഴ്സുകളിൽ പ്രവേശനത്തിനായി ഇതിനോടകം പ്രവേശന പരീക്ഷാ കമ്മീഷണർക്ക് **KEAM 2020**-ലൂടെ ഓൺലൈൻ അപേക്ഷകൾ സമർപ്പിക്കുകയും, **NTA** നടത്തിയ **നീറ്റ് (യു.ജി)–2020** പരീക്ഷയിൽ നിശ്ചിത യോഗ്യത നേടുകയും ചെയ്ത വിദ്യാർത്ഥികൾ അവരുടെ **നീറ്റ് (യു.ജി)–2020** ഫലം പ്രവേശന പരീക്ഷാ കമ്മീഷണർക്ക് സമർപ്പിക്കുന്നതിനായി **www.cee.kerala. gov.in** എന്ന വെബ്സൈറ്റിലെ **KEAM 2020-Candidate Portal**–ൽ ആപ്ലിക്കേഷൻ നമ്പരും, പാസ്സ്‌വേഡും നൽകി ഹോം പേജിൽ പ്രവേശിച്ച് **'NEET Result Submission'** എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്യുക. അതിനുശേഷം നീറ്റ് (യു.ജി)–2020 റോൾ നമ്പർ, നീറ്റ് (യു.ജി)–2020 ആപ്ലിക്കേഷൻ നമ്പർ, **NEET-UG- 2020**-ൽ നൽകിയിട്ടുള്ള ജനനത്തീയതി എന്നിവ നൽകിയാൽ നീറ്റ് (യു.ജി)–2020 പ്രകാരം വിദ്യാർത്ഥിയുടെ പേര്, അച്ഛന്റെ പേര്, അമ്മയുടെ പേര്, നീറ്റ് (യു.ജി) –2020 ലെ നീറ്റ് സ്കോർ, നീറ്റ് പെർസന്റയിൽ, നീറ്റ് ആൾ ഇന്ത്യാ റാങ്ക് തുടങ്ങിയവ ദൃശ്യമാകുന്നതാണ്. അപേക്ഷകന്റെ വിവരങ്ങളും നീറ്റ് ഫലം സംബന്ധിച്ച വിവരങ്ങളും പരിശോധിച്ച് നീറ്റ് സ്കോർ കാർഡ് പ്രകാരം ശരിയാണെന്ന് ബോധ്യപ്പെട്ടാൽ **'Verified and Submit'** എന്ന ബട്ടൺ ക്ലിക്ക് ചെയ്ത് നീറ്റ് ഫലം സമർപ്പിക്കാവുന്നതാണ്. **'Verified and Submit'** എന്ന ബട്ടൺ ക്ലിക്ക്

ചെയ്താൽ മാത്രമെ നീറ്റ് ഫലം സമർപ്പിക്കുന്ന പ്രക്രിയ പൂർത്തിയാകുകയുള്ളൂ. തുടർന്ന് **'NEET Result Submission Report'** ക്ലിക്ക് ചെയ്ത് പ്രിന്റൗട്ട് എടുത്ത് വിദ്യാർത്ഥി സൂക്ഷിക്കേണ്ടതാണ്. അപേക്ഷകർ **NEET Result Submission Report, NEET score card** എന്നിവ പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അയയ്ക്കേണ്ടതോ അപ്‌ലോഡ് ചെയ്യേണ്ടതോ ഇല്ല.

മെഡിക്കൽ & മെഡിക്കൽ അനുബന്ധ കോഴ്സുകളിലെ പ്രവേശനത്തിനുള്ള സംസ്ഥാന റാങ്ക് ലിസ്റ്റുകളിൽ ഉൾപ്പെടുന്നതിനായി വിദ്യാർത്ഥികൾക്ക് അവരുടെ നീറ്റ് പരീക്ഷാ ഫലം സമർപ്പിക്കുന്നതിന് **30.10.2020** മുതൽ **04.11.2020 വൈകുന്നേരം 5 മണി വരെ** മേൽ വെബ്സൈറ്റിൽ സൗകര്യമുണ്ടായിരിക്കും.

2020–21 അധ്യയന വർഷത്തിലെ സംസ്ഥാനത്തെ പ്രൊഫഷണൽ ഡിഗ്രി കോഴ്സുകളിലെ പ്രവേശനം സംബന്ധിച്ച വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന സർക്കാർ അംഗീകൃത പ്രോസ്പെക്ടസ് പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുള്ളത് അപേക്ഷാർത്ഥികൾ ശ്രദ്ധിക്കേണ്ടതാണ്.

**ഹെൽപ് ലൈൻ നമ്പർ: 0471-2525300**

തിരുവനന്തപുരം
30.10.2020

**പ്രവേശന പരീക്ഷാ കമ്മീഷണർ**